"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ബേക്കൽ ഇന്റർനാഷണൽ ബീച്ച് ഫെസ്റ്റിവൽ- 2023 രണ്ടാം പതിപ്പ് - തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2550/2023/LSGD തീയതി,തിരുവനന്തപുരം, 22-12-2023

---

പരാമർശം:- 1. 10.11.2022 ലെ സ.ഉ.(സാധാ) നം. 2783/2022/എൽ.എസ്.ജി.ഡി.

2. ഉദുമ എം.എൽ.എ യുടെ 30.11.2023 തീയതിയിലെ കത്ത്.

**ഉത്തരവ്**

'ബേക്കൽ ഇന്റർനാഷണൽ ബീച്ച് ഫെസ്റ്റിവൽ 2023' രണ്ടാം പതിപ്പ് വൈവിധ്യമാർന്ന കലാ-സാംസ്കാരിക പരിപാടികളോടെ 2023 ഡിസംബർ 22 മുതൽ 31 വരെ സംഘടിപ്പിക്കുകയാണെന്നും ടി പരിപാടി വിജയപ്രദമാക്കുന്നതിന് കാസറഗോഡ് ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്നും പരാമർശം(2)ലെ കത്ത് പ്രകാരം ഉദുമ എം.എൽ.എ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2023 ഡിസംബർ 22 മുതൽ 31 വരെ നടക്കുന്ന ബേക്കൽ ഇന്റർനാഷണൽ ബീച്ച് ഫെസ്റ്റിവൽ- 2023 രണ്ടാം പതിപ്പ് വിജയപ്രദമാക്കുന്നതിന്റെ ചെലവിനത്തിലേയ്ക്കായി കാസറഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം പരമാവധി തുക തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുവാൻ യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ജില്ലാപഞ്ചായത്ത് -5 ലക്ഷം.
2. മുൻസിപ്പാലിറ്റി -3 ലക്ഷം .
3. ബ്ലോക്ക് പഞ്ചായത്ത് -1 ലക്ഷം .
4. ഉദുമ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകൾ -1 ലക്ഷം .
5. മറ്റ് പഞ്ചായത്തുകൾ - 50,000/-രൂപ

3. ധനസഹായം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SNEHALATHA K**

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Resmi R S
Date: 22-12-2023 15:45:08
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്,
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.